# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2237 08.03.2017-ൽ മറുപടിക്ക്

**വിനോദസഞ്ചാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| വിനോദ സഞ്ചാര മേഖലയിൽ ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ? | 1. ധർമ്മടം-മുഴപ്പിലങ്ങാട് -കണ്ണൂർ, വയനാട് കക്കയം-പെരുവണ്ണാമൂഴി, കാപ്പാട്-ഇരിങ്ങൽ - വടകര, നിള, നെല്ലിയാമ്പതി, പീച്ചി-വാഴാനി-ചിമ്മിനി, കാലടി-മലയാറ്റൂർ-ആതിരപ്പള്ളി, പീരുമേട്- കുട്ടിക്കാനം-വാഗമൺ-ഇടുക്കി, അഷ്ടമുടി, കഠിനംകുളം-വർക്കല-കാപ്പിൽ, നെയ്യാർ-പേപ്പാറ-പൊന്മുടി തുടങ്ങിയ കേന്ദ്രങ്ങളിൽ സമഗ്ര ടൂറിസം വികസന പദ്ധതികൾ.<br>2. വനം വകുപ്പുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന എക്കോ-അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് തുടക്കം.<br>3. തിരഞ്ഞെടുക്കപ്പെട്ട അന്താരാഷ്ട്ര ടൂറിസം മാർക്കറ്റുകളിൽ നിന്നും ചാർട്ടേഡ് വിമാനങ്ങളും, ആഭ്യന്തര ടൂറിസം മാർക്കറ്റുകളിൽ നിന്നും ചാർട്ടേഡ് തീവണ്ടികളും.<br>4. ബേക്കലിൽ എയർസ്ട്രിപ്പിന് നടപടി. വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം.<br>5. ടൂറിസം സെന്ററുകളിലെ വികസനത്തിനായി നിലവിലെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിനും പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിനുമായി |

ഇതര വകുപ്പുകളുടെ ഏകോപനത്തിനായി ഉന്നതതല സമിതി രൂപീകരണം.

6. ഡി.റ്റി.പി.സി. കളുടെയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടെയും ശാസ്ത്രീയമായ പുന:സംഘടനയ്ക്ക് നടപടി.

7. പൈതൃക ഗ്രാമ സംരക്ഷണമെന്ന നിലയിൽ ബാലരാമപുരം, മാന്നാർ, ആറൻമുള, ചെറുതുരുത്തി, പയ്യന്നൂർ, മുത്തങ്ങ തുടങ്ങിയ 10 കേന്ദ്രങ്ങളെ പൈതൃക ഗ്രാമങ്ങളായി വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ.

8. ഓഫ് സീസൺ വിപണനം ചെയ്യുന്നതിനായി

" ഡ്രീം സീസൺ പാക്കേജ് " ഉൾപ്പെടുന്ന പ്രചരണ പരിപാടികൾ, ഇതിനായി കേരള ടൂറിസം വെബ്സൈറ്റ്, ഫേസ് ബുക്ക് പേജ് തുടങ്ങിയ സമൂഹമാധ്യമങ്ങളിലൂടെ വിപുലമായ പ്രചാരണം, ദേശീയതലത്തിൽ അച്ചടി-ദൃശ്യമാധ്യമങ്ങളിൽ ഇതിനായി ആകർഷകങ്ങളായ പരസ്യങ്ങൾ.

9. ചൈനയിൽ നിന്നുള്ള ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കുന്നതിനായി ബീജിംഗ് ഇൻറർ നാഷണൽ ടൂറിസം എക്സിബിഷനിൽ കേരളത്തിലെ പ്രമുഖ ടൂറിസം ഓപ്പറേറ്റർമാരുമായി ചേർന്നുള്ള പ്രചരണ പരിപാടികൾ.

10. നവമാധ്യമപ്രചാരണങ്ങളിലൂടെയുള്ള

ശക്തമായ പ്രചരണ ഇടപെടൽ.

11. ഗസ്റ്റ് ഹൗസുകളിൽ അതിഥികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിനായി പുതുക്കിയ ഫർണിഷിംഗ്, ടെലിവിഷൻ, സുരക്ഷയുടെ ഭാഗമായി സി.സി.ടി.വി. ക്യാമറ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കൽ.

12. കേരളത്തെ ഒരു ഹണിമൂൺ ഡെസ്റ്റിനേഷനാക്കി

പരിചയപ്പെടുത്തുവാനുതകുന്ന സോഷ്യൽ മീഡിയ പ്രചരണ പരിപാടി.

13. കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് സന്ദർശിക്കുന്ന സഞ്ചാരികൾക്ക് ഡെസ്റ്റിനേഷനുകളുടെ 360 ഡിഗ്രി വീഡിയോ ലഭ്യമാക്കുന്നതിലേയ്ക്കായുള്ള പദ്ധതി.

14. ഡിവൈൻ തിയേറ്റർ എന്ന പേരിൽ ഓൺലൈൻ ഫിലിം നിർമ്മാതാക്കൾക്ക് കേരളത്തെക്കുറിച്ച് ഫിലിം നിർമ്മിക്കുന്നതിനും മറ്റുമായുള്ള ഒരു പ്രചരണ പദ്ധതിക്കും വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

15. വാർ ഓഫ് കപ്പിൾസ് എന്ന ഒരു സോഷ്യൽ മീഡിയ പ്രചരണ പരിപാടി.

16. 15 രാജ്യങ്ങളിൽ നിന്നുള്ള ടീമുകളെ ഉൾപ്പെടുത്തിക്കൊണ്ട് Spice Route International Culinary Festival സംഘടിപ്പിച്ചു.

17. മായ എന്ന പേരിൽ വാട്സ് ആപ്പ് കാമ്പയിൻ നടപ്പാക്കി.

18. വിദേശത്തും സ്വദേശത്തും പത്ര ദൃശ്യ മാധ്യമ പ്രചരണം വിജയകരമായി സംഘടിപ്പിച്ചു.

19. " Bid Wars". എന്ന പേരിൽ ആദ്യമായി സോഷ്യൽ മീഡിയകളിൽ ഓൺലൈൻ കാമ്പയിൻ സംഘടിപ്പിച്ചു

20. Kerala Blog Express – Season 4

21. ആസ്ട്രേലിയയിലെ പത്ര ദൃശ്യ മാധ്യമങ്ങളിലുള്ള സജീവമായ പ്രചരണ പരിപാടികൾ.

സെക്ഷൻ ഓഫീസർ